# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:09.01.2025**

## പ്രധാനവാർത്തകൾ

1. ഇന്ത്യയെ എല്ലാ മേഖലയിലും ലോകോത്തര നിലവാരത്തിലേക്കുയർത്താൻ പ്രവാസികൾ വഹിച്ച പങ്ക് നിസ്തുലമാണെന്ന് പ്രവാസി ഭാരതീയ ദിവസ് ഉദ്ഘാടനം ചെയ്യുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മേഘാലയ - ഒഡീഷ സന്ദർശനത്തിന് ഇന്ന് തുടക്കം. നാളെ ഭുവനേശ്വറിൽ പ്രവാസി ഭാരതീയ ദിവസ് സമാപന സമ്മേളനത്തിൽ പങ്കെടുക്കും.
3. പരിസ്ഥിതി സംരക്ഷണത്തിനായി ഉഴിഞ്ഞുവച്ച ജീവിതമായിരുന്നു കവയിത്രി സുഗതകുമാരിയുടേതെന്ന് കേന്ദ്ര സഹമന്ത്രി എൽ.മുരുകൻ.
4. ശബരിമലയിൽ മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് തീർത്ഥാടക പ്രവാഹം. കൂടുതൽ സജ്ജീകരണങ്ങളൊരുക്കി തിരുവിതാംകൂർ ദേവസ്വം ബോർഡും ദക്ഷിണ റെയിൽവേയും.
5. ആറാമത് സംസ്ഥാനതല കുടുംബശ്രീ ബഡ്സ് കലോത്സവം 'തില്ലാന' 2025-ന് ഇന്ന് കൊല്ലത്ത് തുടക്കം.
6. ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ചെന്നൈയിൻ എഫ്സി ഒഡീഷയെ നേരിടും. മത്സരം ചെന്നൈയിൽ.

==========================================

RNU TVPM

==========================================

**രാഷ്ട്രപതി സന്ദർശനം**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മേഘാലയ - ഒഡീഷ സന്ദർശനത്തിന് ഇന്ന് തുടക്കം. മേഘാലയയിലെ ഉമിയാമിൽ ICAR ഗവേഷണ കേന്ദ്രത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ ഭുവനേശ്വറിൽ പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ ശ്രീമതി മുർമു പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

==========================================

**പ്രവാസി ഭാരതീയ ദിവസ് പി.എം – (ഇൻട്രോ)**

ഇന്ത്യക്കാരായ പ്രവാസികൾ ലോകമെമ്പാടും മികവ് പുലർത്തുന്നുവെന്നും അവരുടെ നേട്ടങ്ങൾ രാജ്യത്തിന്റെ അഭിമാനം ഉയർത്തുന്നുവെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ഒഡീഷയിലെ ഭുവനേശ്വറിൽ 18-ാമത് പ്രവാസി ഭാരതീയ ദിവസ് കൺവെൻഷൻ ഔപചാരികമായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

**(പി.എം ബൈറ്റ്...........)**

യുവ പ്രവാസി ഭാരതീയ ദിവസ് ഉദ്ഘാടനത്തോടെയാണ് മൂന്ന് ദിവസത്തെ പ്രവാസി ഭാരതീയ ദിവസ് ഇന്നലെ ആരംഭിച്ചത്. 50-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി ഇന്ത്യൻ പ്രതിനിധികൾ, കേന്ദ്രമന്ത്രിമാരായ എസ്. ജയ്ശങ്കർ, അശ്വിനി വൈഷ്ണവ്, ജുവൽ ഓറം, ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാഞ്ചി, തുടങ്ങി നിരവധി പ്രമുഖർ കൺവെൻഷനിൽ പങ്കെടുക്കുന്നു. ഇന്ത്യൻ പ്രവാസികൾക്കായുള്ള പ്രത്യേക ടൂറിസ്റ്റ് ട്രെയിനായ പ്രവാസി ഭാരതീയ എക്സ്പ്രസിന്റെ ഉദ്ഘാടന യാത്ര പ്രധാനമന്ത്രി വെർച്വലായി ഫ്ലാഗ് ഓഫ് ചെയ്തു.

RNUTVPM

=========================================

## എൽ മുരുകൻ - സന്ദർശനം

രാജ്യം ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി ഉയരുമ്പോൾ പരിസ്ഥിതി സംരക്ഷണത്തിന് പ്രാമുഖ്യം നൽകേണ്ടത് അത്യാവശ്യമാണെന്ന് കേന്ദ്ര സഹമന്ത്രി എൽ മുരുകൻ. കൊച്ചി വടുതല ചിന്മയ വിദ്യാലയത്തിൽ കവയത്രി സുഗതകുമാരി നവതിയോട് അനുബന്ധിച്ച് സംഘടിപ്പിച്ച സുഗത സൂക്ഷ്മ വനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. പ്രകൃതി സംരക്ഷണത്തിനും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണം നിലനിർത്തുന്നതിനും ഉഴിഞ്ഞുവച്ച ജീവിതമായിരുന്നു കവയിത്രി സുഗതകുമാരിയുടേതെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. വൃക്ഷങ്ങൾ വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും യുവതലമുറ മുന്നോട്ടുവരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. രണ്ട് ദിവസത്തെ കേരള സന്ദർശനത്തിന്റെ ഭാഗമായി കൊച്ചിയിലെത്തിയതാണ് കേന്ദ്രമന്ത്രി. എറണാകുളത്ത് ഔദ്യോഗിക മാധ്യമങ്ങളുടെ അവലോകന യോഗത്തിലും ശ്രീ.എൽ മുരുകൻ പങ്കെടുക്കും. ഉച്ചകഴിഞ്ഞ് ആലപ്പുഴ സംഹതി ക്യാമ്പസിൽ നടക്കുന്ന സുഗത സൂക്ഷ്മ വനം പരിപാടിയിൽ അദ്ദേഹം സംബന്ധിക്കും. വള്ളിക്കാവ് അമൃതാനന്ദമയി ആശ്രമവും കേന്ദ്ര സഹമന്ത്രി സന്ദർശിക്കും. നാളെ കൊട്ടാരക്കര അവനീശ്വരം പത്മനാഭ പിള്ള മെമ്മോറിയൽ വൊക്കേഷനിൽ ഹയർ സെക്കൻഡറി സ്കൂളിലും പാരിപ്പള്ളി അമൃത സംസ്കൃത ഹയർസെക്കൻഡറി സ്കൂളിലും നടക്കുന്ന സുഗത സൂക്ഷ്മ വനം ഉദ്ഘാടന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. നാളെ വൈകിട്ട് തിരുവനന്തപുരത്ത് കേന്ദ്ര സർക്കാർ മാധ്യമ സ്ഥാപനങ്ങളുടെ അവലോകന യോഗത്തിലും മന്ത്രി പങ്കെടുക്കും.

=========================================

## മഹാകുംഭ് – ഗജേന്ദ്രസിങ്

RNU TVPM

ഇന്ത്യയുടെ സമ്പന്നമായ സംസ്കാരം പ്രദർശിപ്പിക്കുന്നതിനുള്ള സവിശേഷമായ അവസരമാണ് മഹാകുംഭ മേളയെന്ന് കേന്ദ്ര സാംസ്കാരിക, ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. പ്രയാഗ്‌രാജിൽ മഹാ കുംഭമേളയുടെ ഭാഗമായുള്ള കലാഗ്രാം കേന്ദ്രത്തിന്റെ ഒരുക്കങ്ങൾ അദ്ദേഹം അവലോകനം ചെയ്തു. രാജ്യത്തെ വിനോദസഞ്ചാര മേഖലയ്ക്ക് കുംഭമേള പോലുള്ള സാംസ്കാരിക ആഘോഷങ്ങൾ  വലിയ ഊർജ്ജം പകരുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഈ മാസം 13 മുതൽ ഫെബ്രുവരി 26 വരെയാണ് ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ മഹാകുംഭ മേള നടക്കുന്നത്.

==============================================

**ഐ.എസ്.ആർ.ഒ**

ISRO യുടെ സ്പെഡെക്സ് ദൗത്യം വീണ്ടും മാറ്റിവച്ചു. ബഹിരാകാശ പേടകങ്ങളെ ഭൂമിയുടെ ഭ്രമണപഥത്തിൽവച്ച് കൂട്ടിയോജിപ്പിക്കു കയാണ് സ്പേസ് ഡോക്കിങ് എക്സ്പിരിമെന്റ് കൊണ്ട് ലക്ഷ്യമിടുന്നത്. രണ്ട് ഉപഗ്രഹങ്ങൾക്കിടയിൽ അധിക ഡ്രിഫ്റ്റ് കണ്ടെത്തിയതിനെ തുടർന്നാണ് ഡോക്കിംഗ് മാറ്റിവയ്ക്കാൻ തീരുമാനിച്ചതെന്ന് ബഹിരാകാശ ഏജൻസി ട്വീറ്റ് ചെയ്തു.

==============================================

**ശബരിമല മകരവിളക്ക്  – (ഇൻട്രോ)**

മകരവിളക്ക് മഹോത്സവത്തിന് അഞ്ച് ദിവസം മാത്രം ശേഷിക്കെ ശബരിമലയിൽ തീർഥാടക പ്രവാഹം. തിരക്ക് നിയന്ത്രിക്കാൻ കൂടുതൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

**വിശദാംശങ്ങളുമായി ആകാശവാണി**
**പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....**
**( വോയിസ്....)**

==============================================

RNU TVPM

**സ്പെഷ്യൽ ട്രെയിൻ**

മകരവിളക്ക് - പൊങ്കൽ ഉത്സവത്തോടനുബന്ധിച്ച് പ്രത്യേക ട്രെയിൻ സർവീസുകൾ ഏർപ്പെടുത്തി ദക്ഷിണ റെയിൽവെ. ഈ മാസം **15, 16, 17** തീയതികളിലായി തിരുവനന്തപുരത്ത് നിന്നും, എറണാകുളത്ത് നിന്നും ചെന്നൈയിലേക്കും, തിരിച്ചുമാണ് സ്പെഷ്യൽ ട്രെയിൻ സർവീസ് ഏർപ്പെടുത്തുന്നത്. ട്രെയിനുകളിലേക്കുള്ള മുൻകൂർ ബുക്കിംഗ് ആരംഭിച്ചു.

=========================================

**സ്കൂൾ കലോത്സവം-തൃശ്ശൂർ സ്വീകരണം**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തൃശ്ശൂർ ജില്ലയിലെ കുട്ടികൾക്ക് കൊരട്ടിയിലും ചാലക്കുടിയിലും വൻ സ്വീകരണം. റവന്യൂമന്ത്രി കെ.രാജൻ സ്വർണക്കപ്പ് കയ്യിലേന്തിയാണ് കുട്ടികളെ സ്വീകരിച്ചത്. പുതുക്കാടും ഒല്ലൂരിലും തൃശ്ശൂർ സ്വരാജ് റൗണ്ടിലും ജേതാക്കൾക്ക് ഘോഷയാത്രയോടെ സ്വീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

RNUTVPM

=========================================

**പെരിയ-ജയിൽമോചിതരായി**

പെരിയ ഇരട്ട കൊലപാതക കേസിൽ, നാല് പ്രതികളുടെ ശിക്ഷാവിധി ഹൈക്കോടതി സ്റ്റേ ചെയ്യതിനെ തുടർന്ന് നാലുപേരും ജയിൽ മോചിതരായി. മുൻ MLA കെ വി കുഞ്ഞിരാമൻ, മണികണ്ഠൻ, രാഘവൻ വെളുത്തോളി, ഭാസ്കരൻ വെളുത്തോളി എന്നിവരാണ് കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും പുറത്തിറങ്ങിയത്. ഇവർക്ക് സിബിഐ കോടതി അഞ്ച് വർഷം വീതം തടവുശിക്ഷ വിധിച്ചിരുന്നു.

=========================================

## ഇന്ത്യ അഫ്ഗാനിസ്ഥാൻ

വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രിയും അഫ്ഗാനിസ്ഥാൻ വിദേശകാര്യ മന്ത്രിയുടെ ചുമതല വഹിക്കുന്ന മൗലവി അമീർ ഖാൻ മുത്തഖിയും തമ്മിൽ ചർച്ച നടത്തി. ഇന്നലെ ദുബായിൽ നടന്ന കൂടിക്കാഴ്ചയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തെക്കുറിച്ചും പ്രാദേശിക വികസനത്തെക്കുറിച്ചും ഇരുനേതാക്കളും ചർച്ച ചെയ്തു. അഫ്ഗാൻ ജനതയുടെ അടിയന്തര വികസന ആവശ്യങ്ങളോട് പ്രതികരിക്കാനുള്ള ഇന്ത്യയുടെ സന്നദ്ധത ശ്രീ വിക്രം മിശ്രി അറിയിച്ചു. അഫ്ഗാനിസ്ഥാനിലെ ജനങ്ങളുമായി ഇടപഴകുന്നതിനും പിന്തുണയ്ക്കുന്നതിനും ഇന്ത്യൻ നേതൃത്വത്തെ അഫ്ഗാൻ മന്ത്രി അഭിനന്ദിച്ചു.

==========================================

## പെരിയ-ജയിൽമോചിതരായി

പെരിയ ഇരട്ട കൊലപാതക കേസിൽ, നാല് പ്രതികളുടെ ശിക്ഷാവിധി ഹൈക്കോടതി സ്റ്റേ ചെയ്തതിനെ തുടർന്ന് നാലുപേരും ജയിൽമോചിതരായി. മുൻ MLA കെ വി കുഞ്ഞിരാമൻ, മണികണ്ഠൻ, രാഘവൻ വെളുത്തോളി, ഭാസ്കരൻ വെളുത്തോളി എന്നിവരാണ് കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും പുറത്തിറങ്ങിയത്. ഇവർക്ക് സിബിഐ കോടതി അഞ്ച് വർഷം വീതം തടവുശിക്ഷ വിധിച്ചിരുന്നു.

==========================================

## നിതിൻ ഗഡ്കരി

കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി ഒരു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് മധ്യപ്രദേശിലെത്തും. ഇൻഡോറിലെ വിവിധ റോഡ് പദ്ധതികൾ ഗഡ്കരി

RIU TVPM

അവലോകനം ചെയ്യും. ഇൻഡോറിലെ ശ്രീനാഥ് ക്ഷേത്രത്തിൽ കേന്ദ്രമന്ത്രി ദർശനം നടത്തും.

==========================================

**എം.ബി രാജേഷ്-ബഡ്സ് കലോത്സവം**

ആറാമത് സംസ്ഥാനതല കുടുംബശ്രീ ബഡ്സ് കലോത്സവം **'തില്ലാന' 2025**-ന് ഇന്ന് തുടക്കം. കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യും. ധനമന്ത്രി കെ.എൻ.ബാലഗോപാൽ അധ്യക്ഷനാകും. ഭിന്നശേഷി കുട്ടികൾക്കായുള്ള കുടുംബശ്രീ ബഡ്സ് സ്കൂൾ, ബഡ്സ് പുനരധിവാസ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നായി 450-ലേറെ മത്സരാർത്ഥികൾ കലോത്സവത്തിൽ പങ്കെടുക്കും.

PRD TVPM

==========================================

**ഐ.എസ്.എൽ**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ചെന്നൈയിൻ എഫ്സി ഒഡീഷയെ നേരിടും. രാത്രി 7.30-ന് ചെന്നൈയിലാണ് മത്സരം. പോയിന്റ് പട്ടികയിൽ നിലവിൽ, ഒഡീഷ എഫ്.സി 20 പോയിന്റുമായി ഏഴാം സ്ഥാനത്തും ചെന്നൈയിൻ എഫ്സി 15 പോയിന്റുമായി പത്താം സ്ഥാനത്തുമാണ്.

==========================================

**മലേഷ്യൻ ഓപ്പൺ ബാഡ്മിന്റൺ**

മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ സിംഗിൾസ് പ്രീ-ക്വാർട്ടറിൽ ഇന്ത്യയുടെ എച്ച്.എസ് പ്രണോയ്, ചൈനയുടെ ഷി ഫെങ് ലിയെ നേരിടുന്നു. വനിതാ സിംഗിൾസിൽ മാളവിക ബൻസോദും പ്രീ-ക്വാർട്ടറിൽ പ്രവേശിച്ചു.

==========================================

## സ്കൂൾ അത് ലറ്റിക്സ്

ഝാർഖണ്ഡിലെ റാഞ്ചിയിൽ സമാപിച്ച 68-ാമത് ദേശീയ സീനിയർ സ്കൂൾ അത് ലറ്റിക്സിൽ കേരളത്തിന് ഓവറോൾ കിരീടം. 138 പോയിന്റോടെയാണ് കേരളം ഓവറോൾ ചാമ്പ്യൻമാരായത്.

==========================================

## സ്വർഗ്ഗവാതിൽ ഏകാദശി - (ഇൻട്രോ)

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ സ്വർഗ്ഗവാതിൽ ഏകാദശി ദർശനത്തിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. നാളെ വെളുപ്പിന് 2.30 മുതൽ ദർശനം ആരംഭിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**
**(വോയിസ്.........)**

RNU TVPM

==========================================

## തിരുപ്പതി അപകടം

ആന്ധ്രപ്രദേശിലെ തിരുപ്പതിയിൽ തിക്കിലും തിരക്കിലും ആറ് പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക് സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ അഗാധ ദുഃഖം രേഖപ്പെടുത്തി. വൈകുണ്ഠ ഏകാദശി ദർശനത്തോട് അനുബന്ധിച്ച് തിരുപ്പതി രാമനായിഡു സ്കൂളിന് സമീപം സ്ഥാപിച്ചിട്ടുള്ള ടോക്കൺ വിതരണ കൗണ്ടറിൽ ഉണ്ടായ തിരക്കിലാണ് അപകടമുണ്ടായത്. അപകടത്തിൽ 40-ഓളം പേർക്ക് പരിക്കേറ്റു.

==========================================

## കല്ലാർകുട്ടി അണക്കെട്ട്

നേര്യമംഗലം ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായ കല്ലാർകുട്ടി അണക്കെട്ടിൽ വീണ്ടും വെള്ളം നിറഞ്ഞു. കഴിഞ്ഞ മാസം 27 ന് അറ്റകുറ്റപ്പണികൾക്കായാണ് അണക്കെട്ടിലെ വെള്ളം പൂർണ്ണമായി വറ്റിച്ചത്. 1961-ൽ കമ്മീഷൻ ചെയ്തതിന് ശേഷം കല്ലാർകുട്ടി അണക്കെട്ടിലെ ട്രാഷ് റാക്ക് മാറ്റി പുതിയത് സ്ഥാപിക്കുന്ന നടപടികൾ ആദ്യമായാണ് നടത്തിയത്.

==========================================

## നിയമസഭ – പുസ്തകോത്സവം

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം ദിനത്തിലേക്ക് കടന്നു. ഇന്ന് രാവിലെ നടന്ന പ്രഭാഷണ പരിപാടിയിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പങ്കെടുത്തു. മന്ത്രി കെ ബി ഗണേഷ് കുമാർ, സി പി ഐ എം നേതാവ് എം.സ്വരാജ്, കോൺഗ്രസ് നേതാവ് കെ എസ് ശബരീനാഥൻ തുടങ്ങിയവരും ഇന്ന് വിവിധ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. കവിയരങ്ങ്, സ്മൃതി സന്ധ്യ, മാജിക് ഷോ, പപ്പറ്റ് ഷോ, വിവിധ കലാപരിപാടികൾ തുടങ്ങിയവയും പുസ്തകോത്സവത്തിന്റെ ഭാഗമായി ഇന്ന് നടക്കും.

====================

============================

==========================================

RNU TVPM